**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 756** | **24-06-2026-ൽ മറുപടിയ്ക്ക്**

**<u>മാവേലിക്കര മണ്ഡലത്തിലെ കക്കുറുമ്പം, വള്ളിക്കോട് പാലങ്ങളുടെ നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. എസ്. അരുൺ കുമാർ | ശ്രീ. മോൻസ് ജോസഫ് (ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** മാവേലിക്കര മണ്ഡലത്തിൽ താമരക്കുളം വയ്യാങ്കരച്ചിറയിൽ സംരക്ഷണഭിത്തി നിർമ്മിക്കുവാൻ മൈനർ ഇറിഗേഷന് തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ബജറ്റ് പ്രവൃത്തിയുടെ ഭരണാനുമതി ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ഭരണാനുമതി ലഭ്യമാക്കുമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 1൦൦ ലക്ഷം രൂപ അടങ്കൽ തുകയും ആയതിന്റെ 2൦% ആയ 2൦,൦൦,൦൦൦/- രൂപ വകയിരുത്തിയതുമായ മാവേലിക്കര മണ്ഡലത്തിലെ "Vayyankara Chira Tourism Project" എന്ന പ്രവൃത്തിയുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് (Detailed Project Report) ഭരണാനുമതിയ്ക്കായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു.

**(ബി)** മാവേലിക്കര മണ്ഡലത്തിൽ വള്ളിക്കുന്നം ഗ്രാമപഞ്ചായത്തിലെ കക്കുറുമ്പ് പാലം നിർമ്മാണത്തിന് മൈനർ ഇറിഗേഷന് തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ബജറ്റ് പ്രവൃത്തിയുടെ ഭരണാനുമതി ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ഭരണാനുമതി ലഭ്യമാക്കുമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 60 ലക്ഷം രൂപ അടങ്കൽ തുകയും ആയതിന്റെ 20% ആയ 12,00,000/- രൂപ വകയിരുത്തിയതുമായ മാവേലിക്കര മണ്ഡലത്തിൽ **"Construction of Kakkurumb bridge in Vallikunnam Grama Panchayath"** എന്ന പ്രവൃത്തിയുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് (Detailed Project Report) ഭരണാനുമതിയ്ക്കായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു.

**(സി)** മാവേലിക്കര ണണ്ഡലത്തിൽ വള്ളിക്കുന്നം ഗ്രാമപഞ്ചായത്തിലെ വള്ളിക്കോട് പാലം നിർമ്മാണത്തിന് മൈനർ ഇറിഗേഷന് തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ബജറ്റ് പ്രവൃത്തിയുടെ ഭരണാനുമതി ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;ഭരണാനുമതി ലഭ്യമാക്കുമോ?

**<u>മറുപടി:</u>** പ്രസ്തുത പദ്ധതിയ്ക്ക് മൈനർ ഇറിഗേഷന് തുക അനുവദിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ 2025-26 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ മാവേലിക്കര മണ്ഡലത്തിൽ **"Construction of Vanchithodu Bridge in Ward No. 15 of Vallikunnam Grama Panchayath"** എന്ന പ്രവൃത്തിക്ക് 30 ലക്ഷം രൂപയുടെ 20% ബഡ്ജറ്റ് പ്രൊവിഷൻ ആയ 6,00,000/- രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത പ്രവൃത്തിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**